# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

**2026-27 അധ്യയന വർഷത്തെ ബിരുദ പ്രവേശനം - പുതുക്കിയ സമയക്രമം**

2026-27 അധ്യയന വർഷത്തെ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് **കോളേജ്/പ്രോഗ്രാം ഓപ്ഷനുകൾ എഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം 14.08.2026 മുതൽ 16.08.2026 രാത്രി 8.00 മണി വരെ** ലഭ്യമായിരിക്കും.

തുടർന്ന്, **റാങ്ക് ലിസ്റ്റ് 19.08.2026 വൈകുന്നേരം 5.00 മണിക്ക്** പ്രസിദ്ധീകരിക്കുന്നതാണ്.

റാങ്ക് ലിസ്റ്റിന്റെ കാലാവധി **04.09.2026** വരെയായിരിക്കും. റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള പ്രവേശനം **04.09.2026-നകം** പൂർത്തിയാക്കേണ്ടതാണ്.

റാങ്ക് ലിസ്റ്റ് വഴിയുള്ള പ്രവേശനത്തിന് ശേഷം, **സ്പോട്ട് അഡ്മിഷൻ മുഖേനയുള്ള പ്രവേശന നടപടികൾ 11.09.2026-നകം** പൂർത്തിയാക്കേണ്ടതാണ്. **2026-27 അധ്യയന വർഷത്തെ ബിരുദ പ്രവേശന നടപടികൾ 11.09.2026-ന് അവസാനിക്കുന്നതാണ്.**

20.08.2026 തീയ്യതി മുതൽ ലേറ്റ് രെജിസ്ട്രേഷൻ വീണ്ടും ലഭ്യമാകുന്നതാണ്

വിദ്യാർത്ഥികൾ പുതുക്കിയ സമയക്രമം ശ്രദ്ധാപൂർവം പാലിക്കേണ്ടതും സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് സ്ഥിരമായി സന്ദർശിച്ച് പ്രവേശനവുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ അറിയിപ്പുകൾ പരിശോധിക്കേണ്ടതുമാണ്.

**(ഒപ്പ് )**

ഡയറക്ടർ

C.U. Campus
13.08.2026